**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1290** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ പദ്ധതി തയ്യാറാക്കിയപ്പോൾ വിട്ടുപോയ സ്കൂളുകൾക്ക് കിഫ്ബി ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെട്ട ത്തുവാൻ പദ്ധതി തയ്യാറാക്കിയപ്പോൾ പരിഗണിക്കാൻ കഴിയാതെ പോയതും എന്നാൽ തികച്ചും ഭൗതിക സൗകര്യങ്ങ ളുടെ അപര്യാപ്തത ഉള്ളതും മറ്റു ഫണ്ടുകളിൽ ഒന്നും ഉൾപ്പെട്ട് അടിസ്ഥാന സൗകര്യവികസനത്തിന് പരിഗണിക്കാൻ കഴിയാതെ പോയതു മായ വിദ്യാലയങ്ങളെ കണ്ടെത്തി ഫണ്ടനുവദിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇൻകൽ, കില എന്നീ ഏജൻസികൾ ഏറ്റെടുത്ത പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതികളും പൂർത്തിയാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 39 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തന ത്തിനാണ് ഇൻകലിനെ SPVയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി . മറ്റു സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. കിലയെ SPVയായി ചുമതല പ്പെടുത്തിയ 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 446 സ്കൂളുകളിൽ 2 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. 272 സ്കൂളുകൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാനുള്ള ഘട്ടത്തിൽ എത്തിയിട്ടുണ്ട്. 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 200 സ്കൂളുകളുടെ നിർമ്മാണത്തിന്റെയും SPVയായി കിലയെയാണ് ചുമതലപ്പെട്ടു ത്തിയിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക്ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ആലപ്പുഴ ജില്ലയിൽ ഇൻകൽ, കില എന്നിവ നിർമ്മാണം ഏറ്റെടുത്ത സ്കൂളുകളും അവയുടെ ഭൗതിക നില സംബന്ധിച്ചും ഇനിയും പ്രസ്തുത ഏജൻസികൾ പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; നിർമ്മാണം താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ആലപ്പുഴ ജില്ലയിൽ ഇൻകൽ, കില SPVയായ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇൻകൽ 1) നാലുച്ചിറ ജി.എച്ച്.എസിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ഡിമോളിഷൻ നടത്തുന്നതിന് കാല താമസം വന്നത് കാരണം നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2) |

ജി.എച്ച്.എസ്.കക്കായം - നിർമ്മാണം പൂർത്തിയായി വരുന്നു. കില 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കില എസ്.പി.വിയായ സ്കൂളുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. 1) എസ്.സി.വി.ജി.വി.എച്ച്.എസ്.എസ് പട്ടണക്കാട് - DPR കിഫ്ബി അംഗീകരിച്ചു. feasibility report ലഭ്യമായിട്ടുണ്ട്. 2018 ലെ പുതിയ DSR/GST നിരക്കിൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2) ജി.എച്ച്.എസ്.എസ് ചുനക്കര - DPR കിഫ്ബി അംഗീകരിച്ചു. feasibility report ലഭ്യമായിട്ടുണ്ട്. എന്നാൽ നിർമ്മാണത്തിന് നിർദ്ദേശിച്ച സ്ഥലത്തിന് മാറ്റമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം കില പരിശോധിച്ച് വരുന്നു. 3) ജി.വി.എച്ച്.എസ്.എസ്.ആര്യാട്, എസ്.ഡി.വി.ജി.യു.പി.എസ്. നീർക്കുന്നം എന്നിവയുടെ DPR കിഫ്ബിയുടെ പരിഗണനയിലാണ്. 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കില എസ്.പി.വിയായ സ്കൂളുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. ജി.ബി.എച്ച്.എസ്.എസ്.ഹരിപ്പാട്, ജി.എച്ച്.എസ്.എസ്.ആയാപ്പറമ്പ്, വി.ആർ.വി.എം.ജി.എച്ച്.എസ്.എസ്. വയലാർ - ടെണ്ടർ നടപടികൾ സ്വീകരിച്ചു. ജി.എച്ച്.എസ്.എസ്.വലിയഴീക്കൽ , ജി.എച്ച്.എസ്.എസ്.തണ്ണീർമുക്കം, ഗവ.എസ്.വി.എച്ച്.എസ്.എസ് കുടശ്ശനാട്, ജി.എൽപി.എസ്.മറ്റത്തിൽഭാഗം, ജി.എച്ച്.എസ്.എസ്.കുന്നം, ജി.എച്ച്.എസ്.എസ്.ബുധനൂർ, ജി.ജി.എച്ച്.എസ്.കായംകുളം, ജി.വി.എച്ച്.എസ്.എസ്.മാവേലിക്കര, ജി.യു.പി.എസ്.തമ്പകച്ചുവട്, എസ്.എൻ.എം.ജി.ബി.എച്ച്.എസ്.എസ് ചേർത്തല എന്നീ സ്കൂളുകൾക്ക് കിഫിബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കു ന്നതാണ്. ജി.യു.പി.എസ് കാർത്തികപ്പള്ളി, ജി.വി. വി.എച്ച്.എസ്.എസ്. കോടംതുരുത്ത്, ജി.എച്ച്.എസ് വീയ്യപുരം - കിഫ്ബിയുടെ മറ്റൊരു പദ്ധതിയിൽ പരിഗണി ച്ചിട്ടുള്ളതിനാൽ ഈ പദ്ധതിയിൽ തുടർനടപടി സ്വീകരിക്കാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്. ഇതിന് പകരം മറ്റൊരു സ്കൂളിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. ജി.യു.പി.എസ് വെളിയംകുളം, ജി.എച്ച്. എസ്.എസ്. അങ്ങാടിക്കൽ സൗത്ത്, കെ.കെ.പി.എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ -

| | | | |
|---|---|---|---|
| | | | ടെണ്ടർ നടപടികൾ സ്വീകരിച്ചു ജി.എച്ച്.എസ്.എസ് പെരുമ്പളം - ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ജി.എച്ച്.എസ് തേവർവട്ടം - റീടെണ്ടർ നടപടികൾ സ്വീകരിച്ചു. എസ്.സി.എം.വി.ജി.യു.പി.എസ് ചെട്ടിക്കാട്- KMBR/KPBR കവറേജ് പ്രശ്നമുള്ളതായി കില അറിയിച്ചിട്ടുണ്ട്. ജി.ജി.എച്ച്.എസ്.എസ്.ആലപ്പുഴ – നിർമ്മാണം പുരോഗമിച്ചു വരുന്നു. ഗവ. മോഡൽ ജി.എച്ച്.എസ്.എസ്. ആലപ്പുഴ – നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ല എന്ന് കണ്ടെത്തിയതിനാൽ പകരം സ്കൂൾ കണ്ടെത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ഡി) | ഇൻകൽ, കില എന്നിവർ ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്ത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകരിച്ച എസ്.പി.വികളെ മാത്രമാണ് ചുമതലപ്പെടുത്തുന്നത്. |
| (ഇ) | സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ക്ലാസ് മുറികളിൽ ആവശ്യത്തിന് ഡസ്ക്, ബഞ്ച് എന്നിവ ഇല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ ഡസ്ക്, ബഞ്ച് എന്നിവ കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഭൗതിക സൗകര്യവികസനത്തിനായി പരിഗണിച്ച് നിർമ്മാണം പൂർത്തിയാക്കിയ സ്കൂളുകളിൽ ആവശ്യമുള്ള ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ